LIBRARY ARCHIVES Kerala Legislative Assembly

നന്മ സ്റ്റോറുകൾ ലാഭകരമാക്കുവാൻ നടപടി

80(2118) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതെല്ലാമാണ് ഇപ്പോഴും പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം നന്മ സ്റ്റോറുകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്നും ലാഭകരമല്ലാത്തത് ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) നന്മ സ്റ്റോറുകൾ ലാഭകരമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 9 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന 7 നന്മ സ്റ്റോറുകളുമാണ് ആരംഭിച്ചിട്ടുള്ളത്. ഇവയെല്ലാംതന്നെ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) നന്മ സ്റ്റോറുകൾ എല്ലാംതന്നെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) നന്മ സ്റ്റോറുകൾ ലാഭകരമാക്കുന്നതിലേക്കായി നന്മ പായ്ക്കിംഗ് സെന്ററുകൾ ഒഴിവാക്കിയും ഗോഡൗണുകൾ പുനഃക്രമീകരിച്ചും ചെലവുകൾ കുറച്ചും വാടക ഒഴിവാക്കിയും നോൺ സബ്സിഡി ഇനങ്ങളുടെ വില്പന വർദ്ധിപ്പിച്ചും കൺസ്യൂമർഫെഡ് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി സാധനങ്ങൾ ലഭ്യമാക്കിയും ഫെഡറേഷൻ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്ന നിർദ്ദേശം

81(2119) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിശ്ചിത ദിവസങ്ങളിൽ ഖാദിയോ കൈത്തറിയോ വസ്ത്രങ്ങൾ ധരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതുതായി നിർദ്ദേശം നൽകുമോ?